**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **23-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഓരോ മാസവും വിതരണത്തിനു മുൻപ് എഫ്.സി.ഐയിൽ നിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17.12.2021ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും, എഫ്.സി.ഐ ജനറൽ മാനേജറും ചേർന്ന് ഒപ്പ് വച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീജറിൽ ഗുണനിലവാരവും, അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 20.04.2022ലെ സർക്കുലർ നം.8/2022 പ്രകാരം പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര മുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | റേഷൻകടകൾ വഴി കുത്തരി, പുഴക്കലരി, പച്ചരി എന്നിവ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | നെല്ല് സംഭരണം മുഖേന സപ്ലൈകോ ഓരോ മാസവും ലഭ്യമാക്കുന്ന CMR (പ്രധാനമായും മട്ടയരി) അരിയുടെ അളവിനനുസരിച്ചാണ് CMR അലോട്ട്മെന്റിൽ ഉൾപ്പെടുത്തി വരുന്നത്. CMR വിതരണത്തിനായി സപ്ലൈകോയുമായി കരാറുള്ള മില്ലുകൾ ഭൂരിഭാഗവും കാണപ്പെടുന്നത് എറണാകുളം ജില്ലയിലെ പെരുമ്പാവൂരും പാലക്കാട് ജില്ലയിലുമായിട്ടാണ്. സാധാരണയായി എറണാകുളം ജില്ലയിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | അരി ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ തൃശ്ശൂർ വരെയുള്ള തെക്കൻ ജില്ലകളിലേക്കും പാലക്കാട് ജില്ലയിൽ നിന്നുള്ള അരി വടക്കൻ ജില്ലകളിലേക്കും ലഭ്യമാക്കുകയാണ് ചെയ്തു വരുന്നത്. എറണാകുളം, പാലക്കാട് ജില്ലകളിൽ നിന്ന് എത്തിക്കേണ്ടതിനാൽ കടത്തുകൂലിയിലുള്ള ഭീമമായ ചെലവ് പരിഗണിച്ചും ആവശ്യകത കുറവായിരുന്നതിനാലും മുൻകാലങ്ങളിൽ മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ CMR വിതരണം ഉണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത ജില്ലകളിലും CMR അരിയുടെ ആവശ്യകത ബോധ്യപ്പെട്ടതിനാൽ നിലവിൽ ലഭ്യതയ്ക്കനുസരിച്ച് എല്ലാ ജില്ലകളിലും CMR വിതരണം ചെയ്യുന്നുണ്ട്. ആദിവാസി മേഖലകളിലും തോട്ടം മേഖലയായ ഇടുക്കിയിലും CMR ന് ആവശ്യകത കുറവായതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ പരിമിതപ്പെടുത്തിയാണ് CMR അനുവദിച്ചു വരുന്നത്. സംസ്ഥാനത്തിന് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ആകെ അനുവദിച്ചിട്ടുള്ള അരി വിഹിതത്തിൽ ഓരോ മാസവും നെല്ല് സംഭരണം മുഖേന ലഭിച്ചുവരുന്ന അരിയുടെ അളവ് കുറച്ചുള്ള വിഹിതമാണ് FCI യിൽ നിന്ന് 50% പുഴുക്കലരിയായും 50% പച്ചരിയായും അനുവദിച്ചു വരുന്നത്. |
| (സി) | റേഷൻ കടകൾ വഴി കുത്തരി കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ